സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.21991/21/VIG**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
**02/03/2022.**

## സർക്കുലർ

വിഷയം:- കാണിക്ക പൊട്ടിച്ച് എണ്ണുമ്പോൾ ഉള്ള സുരക്ഷയെ സംബന്ധിച്ച്.

ദേവസ്വങ്ങളിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ / ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കാണിക്ക പൊട്ടിച്ച് എണ്ണി തിട്ടപ്പെടുത്തുന്ന അവസരങ്ങളിൽ കാണിക്ക എണ്ണുന്നതിന് സുരക്ഷാ ചുമതലയുള്ള ദേവസ്വം ഗാർഡുമാരെ നിയോഗിക്കുന്നതായി കാണുന്നു.

കാണിക്ക അപഹരണം തടയുന്ന ജോലി ചെയ്യാൻ ചുമതലപ്പെട്ട ദേവസ്വം ഗാർഡുമാർ കാണിക്ക എണ്ണുന്നത് ജീവനക്കാർക്ക് തെറ്റായ സന്ദേശം നൽകും. ആകയാൽ ദേവസ്വം ഗാർഡുമാർ അവരിൽ നിക്ഷിപ്തമായ ജോലികൾ മാത്രം ചെയ്യേണ്ടതാണ്. പ്രസ്തുത നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

**AR.03/03**

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.21991/21/VIG

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
02/03/2022.

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ദേവസ്വങ്ങളിലെ ജീവനക്കാരുടെ മൊബൈൽ ഫോൺ ഉപയോഗം സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ദേവസ്വങ്ങളിലെ മൊബൈൽ ഫോൺ ഉപയോഗം സംബന്ധിച്ച് നിരവധി ഉത്തരവുകൾ ഉണ്ടായിട്ടും ആയത് പരിപാലിച്ചു കാണാത്തതായി വിജിലൻസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ദേവസ്വങ്ങളിൽ ജീവനക്കാർ ക്ഷേത്ര സംബന്ധിയായ ജോലികൾ ചെയ്യാതെയും ഭക്തജനങ്ങൾക്ക് വഴിപാട് രസീതുകൾ എഴുതി നൽകാതെയും മൊബൈൽ ഫോണിൽ സമയം പാഴാക്കുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്. ടി പ്രവൃത്തി ക്ഷേത്ര വരുമാനത്തെ സാരമായി ബാധിച്ചിട്ടുള്ളതാണ്.

ആകയാൽ ക്ഷേത്ര ജീവനക്കാർ ദിനംപ്രതി ജോലിയ്ക്ക് കയറുന്ന സമയം മുതൽ തന്റെ ജോലി കഴിഞ്ഞ് പുറത്തു പോകുന്നതു വരെ മൊബൈൽ ഫോൺ ദേവസ്വം ആഫീസുകളിൽ സൂക്ഷിക്കണമെന്നും ജോലി സമയത്ത് അനാവശ്യമായി മൊബൈൽ ഫോൺ ഉപയോഗിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും എന്നുള്ള വിവരം എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.03/03

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.21991/21/VIG**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
**02/03/2022.**

## സർക്കുലർ

വിഷയം:- സബ്ഗ്രൂപ്പ് ആഫീസർമാർ കീഴ്കൂട് ദേവസ്വങ്ങളിൽ ശ്രദ്ധ ചെലുത്തുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സബ്ഗ്രൂപ്പ് ആസ്ഥാനത്തിനു പുറത്തുള്ള മിക്ക ദേവസ്വങ്ങളിലെയും വഴിപാടിനത്തിൽ വർദ്ധനവ് കാണുന്നുണ്ടെങ്കിലും മിക്ക അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാരും അവരുടെ അധീനതയിലുള്ള കീഴ്കൂട് ദേവസ്വങ്ങളിൽ അധികം ശ്രദ്ധ ചെലുത്തുന്നില്ലായെന്ന് വിജിലൻസ് റിപ്പോർട്ടിൽ വിവരിച്ചിരിക്കുന്നു.

ആയതിനാൽ സബ്ഗ്രൂപ്പിലുള്ള മുഴുവൻ ദേവസ്വങ്ങളിലും വരുമാന വർദ്ധനവിന് വേണ്ടി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർ അവരുടെ സബ്ഗ്രൂപ്പിൽപ്പെട്ട എല്ലാ ദേവസ്വങ്ങളിലും നിത്യേന സന്ദർശനം നടത്തി വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.03/03

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.21991/21/VIG

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
02/03/2022.

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കുന്നത് സംബന്ധിച്ച്.

സൂചന :- 05/03/2018-ലെ ROC.29/18/Est-1 നമ്പർ സർക്കുലർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കർശനമായി നിരോധിച്ച് സൂചന നമ്പരായി സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. മിക്ക ദേവസ്വങ്ങളിലും ശ്രീകോവിലിനുള്ളിൽ പോലും പ്ലാസ്റ്റിക് ഉപയോഗം വർദ്ധിച്ചു വരുന്നതായും നെയ്യ്, എണ്ണ എന്നിവയുടെ പ്ലാസ്റ്റിക് കുപ്പികളും, കർപ്പൂരം, തിരി മുതലായവയുടെ പ്ലാസ്റ്റിക് കവറുകളും ക്ഷേത്ര പരിസരം വൃത്തിഹീനമാക്കുന്നതിനാൽ മേൽ വിവരിച്ച ബോർഡുത്തരവ് കർശനമായി നടപ്പിൽ വരുത്തുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു.

ക്ഷേത്രങ്ങളിൽ നിത്യേന പൂജാ സമയങ്ങളിൽ ഉപയോഗിക്കുന്ന വാദ്യങ്ങളായ തകിൽ, തിമില, വീക്കൻ ചെണ്ട മുതലായവയിൽ തുകലിനു പകരം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി പല വിജിലൻസ് റിപ്പോർട്ടുകളിലും സൂചിപ്പിച്ചു കാണുന്നു. ആകയാൽ ക്ഷേത്ര വാദ്യങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് നിരോധിച്ച് ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.03/03

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.21991/21/VIG

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
02/03/2022.

## സർക്കുലർ

വിഷയം:- ദേവസ്വം ബോർഡിനു കീഴിലുള്ള ദേവസ്വങ്ങളിലെ സബ്ഗ്രൂപ്പ് ആഫീസർമാർ ദേവസ്വത്തിൽ ഹാജരാകാത്തത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രനട തുറന്നിരിക്കുന്ന അവസരങ്ങളിൽ ക്ഷേത്രത്തിലെ പ്രധാന ഉദ്യോഗസ്ഥനായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർ ക്ഷേത്രത്തിൽ ഉണ്ടായിരിക്കണമെന്ന് നിരവധി സർക്കുലർ ഉത്തരവുകൾ ഉള്ളതാണെങ്കിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർ ദേവസ്വത്തിൽ കൃത്യമായി ഹാജരാകാത്തത് മറ്റ് ക്ഷേത്രജീവനക്കാരുടെ ജോലിയിലെ അനാസ്ഥയ്ക്ക് കാരണമാവുകയും ആയത് ക്ഷേത്ര വരുമാനത്തെയും സാരമായി ബാധിക്കുന്നുവെന്ന് വിജിലൻസ് റിപ്പോർട്ടിൽ വിവരിച്ചു കാണുന്നു.

ക്ഷേത്ര ഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സബ്ഗ്രൂപ്പ് ആഫീസർമാർ ദേവസ്വങ്ങളിൽ നട തുറന്നിരിക്കുന്ന വേളകളിൽ (രാവിലെയും, വൈകിട്ടും) കൃത്യമായി ഹാജരാകേണ്ടതാണ്. പ്രസ്തുത നിർദ്ദേശം കർശനമായി പാലിച്ചിരിക്കേണ്ടതും നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിച്ചാൽ കർശന ശിക്ഷാ നടപടി സ്വീകരിക്കുന്നതായിരിക്കും എന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.03/03